ദേശസാൽകരിച്ച ബസ് റൂട്ടുകളിൽ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ

*268 [283] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. സ്റ്റീഫൻ പാദുവ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ദേശസാൽക്കരിച്ച ബസ് റൂട്ടുകളിൽ ബസ്സുകളുടെ ദൗർലഭ്യം നിമിത്തം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എടുത്ത നടപടികൾ വിശദമാക്കുമോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

ദേശസാൽകൃത റൂട്ടുകളിൽ ട്രാൻസ്പോർട്ടു കോർപ്പറേഷൻ സർവ്വീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ഒരു സമയബന്ധിത പരിപാടി ആവിഷ്കരിച്ച് കോർപ്പറേഷൻ ഇപ്പോൾ നടപ്പാക്കി വരികയാണ്. ബസ്സുകളുടെ കുറവ് പരിഹരിക്കുക, പഴയ ബസ്സുകൾ കഴിവതും പിൻവലിച്ച് പുതിയവ പകരം ഓടിക്കുക, വർക്കുഷാപ്പു സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ആവശ്യമുള്ളത്ര ജീവനക്കാരെ എല്ലാ യൂണിറ്റുകളിലും എത്രയും വേഗം നിയമിക്കുക തുടങ്ങിയ പരിപാടികളാണ് യാത്രാസൗകര്യം മെച്ചപ്പെടുത്താൻവേണ്ടി കോർപ്പറേഷൻ ആവിഷ്കരിച്ചു നടപ്പാക്കി വരുന്നത്.

കിസ്തുകുടിശ്ശിക്കയ്ക്കു നൽകിയ സ്റ്റേ ഓർഡറുകൾ

*269 [284] ശ്രീ. ജി. പി. മംഗലത്തുമഠം:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

ശ്രീ. എ. എ. റഹീം:

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷത്തേയോ വർഷങ്ങളിലേയോ കിസ്തു സംഖ്യ കുടിശ്ശിക വരുത്തിയിട്ടുള്ള അബ്കാരി കോൺട്രാക്റ്റർമാർക്ക് അടുത്ത വർഷത്തെ അബ്കാരി ലേലത്തിൽ പങ്കെടുക്കുവാൻ സൗകര്യപ്പെടുത്തുന്നതിനുവേണ്ടി കിസ്തു കുടിശികകൾക്ക് ഗവൺമെന്റ് ഇപ്പോൾ സ്റ്റേ നൽകിയിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഒട്ടാകെ എത്ര കിസ്തു കുടിശ്ശിക സംഖ്യയ്ക്ക് ഇതിനകം ഗവൺമെന്റ് സ്റ്റേ നൽകിയിട്ടുണ്ട്;

(സി) അപ്രകാരം സ്റ്റേ നൽകിയിട്ടുള്ള അബ്കാരി കോൺട്രാക്റ്റർമാരുടെ ഒരു ലിസ്റ്റു സഭയുടെ മേശപ്പുറത്ത് വെയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly